# കോട്ടയം ജില്ലാ ജൈവ സാക്ഷരതാ യജ്ഞം

ആഗസ്റ്റ് - ഡിസംബർ 2017


മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ്, കോട്ടയം-686 560, കേരളം

ഫോൺ: 0481-2733210 (ഓഫീസ്), 98474 12145 (കോ-ഓർഡിനേറ്റർ)

ഇ-മെയിൽ : jaivam@mgu.ac.in • വെബ് : www.iucofsa.ac.in


ബഹുമാന്യരേ,

വിഷയം : **ആഗസ്റ്റ് 22-ലെ ജൈവ കൃഷിയെ സംബന്ധിച്ച പ്രഭാഷണവും ആഗസ്റ്റ് 29-ലെ ജൈവ ഉദ്ഘാടന സമ്മേളനവും**

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ സംരംഭമായ **"ഹരിത കേരളം"** പദ്ധതിക്ക് ശക്തി പകരുന്ന രീതിയിൽ സർവകലാശാലയുടേതായ പ്രവർത്തനങ്ങൾ ജൈവ കാർഷിക മേഖലയിൽ നടത്തുന്നതിനായി രൂപം നൽകിയ പദ്ധതിയാണ് **"ജൈവം 2017"**. കോട്ടയം ജില്ലയെ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

ഭൂമി, ജലം, വായു എന്നിവയുടെ മലിനീകരണം തടയുക, ഉറവിട മാലിന്യ സംസ്കരണവും, ജൈവ വള നിർമ്മാണവും പ്രോത്സാഹിപ്പിക്കുക, രാസാധിഷ്ഠിത കൃഷി രീതിയിൽ നിന്നും ജൈവ മാർഗത്തിലേക്ക് മാറാൻ പ്രേരിപ്പിക്കുക, വിഷരഹിത പച്ചക്കറിയുടെ ഉൽപ്പാദനച്ചുമതല ഓരോ കുടുംബവും സ്വയം ഏറ്റെടുക്കുക തുടങ്ങിയ ആശയങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിച്ച് അവരിലൂടെ പൊതുസമൂഹത്തിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും, ജൈവ കൃഷിരീതികളിൽ പരിശീലനം സിദ്ധിച്ച 10,000-ത്തിൽ പരം നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ നേരിട്ട് ചെന്ന് ജൈവ കൃഷിരീതികൾ പരിചയപ്പെടുത്തും. ഇതിനായി ഓണക്കാലത്ത് 115 ക്യാമ്പുകൾ സംഘടിപ്പിക്കും. ക്യാമ്പസ് ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ് യൂണിയനാണ് അതിരമ്പുഴ പഞ്ചായത്തിലെ നാൽപ്പാത്തിമലയിൽ ജൈവ ബോധന പ്രക്രിയയ്ക്ക് നേതൃത്വം നൽകുക.

**ജൈവം 2017-ന്റെ ഉദ്ഘാടനം ആഗസ്റ്റ് 29 ചൊവ്വാഴ്ച രാവിലെ 10.00 ന്** ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** നിർവ്വഹിക്കും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി **പ്രൊഫ. സി. രവീന്ദ്രനാഥ്** അദ്ധ്യക്ഷത വഹിക്കും. ഉദ്ഘാടനത്തിനായി സർവ്വകലാശാല സ്പോർട്സ് ഗ്രൗണ്ടിൽ പ്രത്യേക പന്തൽ ഒരുക്കുന്നുണ്ട്. 7,000 ത്തോളം എൻ.എസ്.എസ്, വോളന്റിയർമാർ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, കർഷകർ, ജൈവ കാർഷിക മേഖലയുമായി ബന്ധപ്പെട്ട നിരവധിയാളുകൾ, സർവകലാശാല ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജൈവം 2017 പദ്ധതിയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി **"ജൈവ കൃഷിയുടെ തത്വശാസ്ത്രത്തെക്കുറിച്ച്"** പ്രശസ്ത കാർഷിക വിദഗ്ദ്ധൻ **ശ്രീ. എൽ. നാരായണ റെഡ്ഡി** സർവകലാശാല അസംബ്ലി ഹാളിൽ **2017 ആഗസ്റ്റ് 22 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.00 മണി മുതൽ** പ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗമായ **പ്രൊഫ. എ.എം. തോമസ്** അദ്ധ്യക്ഷത വഹിക്കും.

**ആഗസ്റ്റ് 22-ലെ പ്രഭാഷണത്തിലേക്കും, ആഗസ്റ്റ് 29-ലെ ഉദ്ഘാടന സമ്മേളനത്തിലേക്കും എല്ലാ അധ്യാപകരെയും വിദ്യാർത്ഥികളെയും ജീവനക്കാരെയും സാദരം ക്ഷണിക്കുന്നു.**

വിശ്വാസപൂർവം,

**എം.ആർ. ഉണ്ണി**

രജിസ്ട്രാർ & ജനറൽ കൺവീനർ

ജൈവം 2017

പ്രിയദർശിനി ഹിൽസ്,

ആഗസ്റ്റ് 19, 2017

IUCOFSA

**അതിജീവനം • ജൈവജീവനം • സുസ്ഥിരജീവനം**

**ഹരിത കേരളം • ജൈവ കോട്ടയം**